പട്ടുനൂൽ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി വരുന്നതിൽ അധികമുള്ള കൊക്കൂൺ ടെണ്ടർ വിളിച്ച് വിൽപ്പന നടത്തുന്നുണ്ട്. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന അസംസ്കൃത പട്ടുനൂൽ ബാംഗ്ലൂർ ഗവൺമെന്റ് സിൽക്ക് എക്സ്ചേഞ്ച് വഴി വിറ്റഴിക്കുകയാണ് ചെയ്യുന്നത്.സംസ്ഥാനത്തിനുള്ളിൽ തന്നെ ടെണ്ടർ വിളിച്ച് പട്ടുനൂൽ വിൽക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ നബാർഡിന്റെ പ്രവൃത്തികൾ

126 [308] *ശ്രീ. എ. സി. മൊയ്തീൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നബാർഡിന്റെ എത്ര പ്രവർത്തികൾക്ക് 2005-ൽ അനുമതി ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിൽ ഇപ്പോൾ നടക്കുന്ന നബാർഡ് പ്രവർത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2004-2005-ൽ തൃശ്ശൂർ ജില്ലയിൽ താഴെപറയുന്ന മൂന്ന് റോഡുപ്രവർത്തികൾക്ക് നബാർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

(1) നമ്പ്യാൻ കാവ്-ആനന്ദപുരം റോഡ് (ഇരിങ്ങാലക്കുട ബ്ലോക്ക്) 55 ലക്ഷം രൂപ.

(2) മെതുക്ക-മായന്നൂർ റോഡ്-പഴയന്നൂർ 31.28 ലക്ഷം രൂപ.

(3) കരിയന്നൂർ-കാവിൽവട്ടം റോഡ് (വടക്കാഞ്ചേരി ബ്ലോക്ക്) 37.25 ലക്ഷം രൂപ.

(ബി) വിവിധ ബ്ലോക്കുകൾ ഏറ്റെടുത്ത ആർ. ഐ. ഡി. എഫ്. III-V-വരെയുള്ള പദ്ധതികളിൽ, ചേർപ്പ് ബ്ലോക്കിലെ ശാസ്താംകടവ്-മനക്കൊടി റോഡിന്റെ പണി ഒഴികെ മറ്റെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. RIDF VI-IX-വരെ അനുവദിച്ചിട്ടുള്ള 23 പ്രവൃത്തികളിൽ 4 എണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ളവയുടെ പണി വിവിധ ഘട്ടങ്ങളിലായി നടക്കുന്നു. ആർ.ഐ.ഡി.എഫ്. X-ൽ അനുവദിച്ച മൂന്ന് പ്രവൃത്തികളും പ്രാരംഭ ദശയിലാണ്.

പട്ടുവസ്ത്രങ്ങളുടെ ഉല്പാദനം

127 [309] *പ്രൊഫ. എ. ഡി. മുസ്തഫ*:

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:

,, *ടി. യു. രാധാകൃഷ്ണൻ*:

,, *വി. ഡി. സതീശൻ*:

,, *പി. ടി. തോമസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പട്ടുനൂൽ ഉപയോഗിച്ച് ഇവിടത്തന്നെ പട്ടുവസ്ത്രങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര മീറ്റർ പട്ടുവസ്ത്രം സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സെറിഫെഡിന്റെ അംഗസംഘമായ തിരുവനന്തപുരം സെറികൾച്ചർ സഹകരണ സംഘം മുഖേന ബാലരാമപുരം കേന്ദ്രമാക്കി പട്ടുവസ്ത്രങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ട്.

(ബി) 4000 മീറ്റർ.

വയനാട് ജില്ലയിലെ ജോലിക്ക് കൂലി ഭക്ഷണം പദ്ധതി

128 [310] *ശ്രീ. ഷിബു ബേബിജോൺ:*

,, *കെ. ബി. ഗണേഷ്കുമാർ* :

,, *ആർ. ബാലകൃഷ്ണപിള്ള*:

,, *ടി. എം. ജേക്കബ്*:

,, *ജോണി നെല്ലൂർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര തൊഴിൽദാന പദ്ധതിയായ നാഷണൽ ഫുഡ് ഫോർ വർക്ക് (ജോലിക്ക് കൂലി ഭക്ഷണം) പദ്ധതിയിൽ കേരളത്തിലെ എത്ര ജില്ലകളെ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) നടപ്പിലാക്കിയ ജില്ലകളിൽ ജില്ലാഗ്രാമ വികസന ഏജൻസിയാണോ പ്രവർത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത്;

(സി) വയനാട് ജില്ലയിൽ 2004-05 വർഷത്തിൽ ഇതുവരെ എത്ര പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ഡി) ഇതിനായി എത്ര കോടി രൂപയാണ് ചെലവഴിക്കുന്നത്;

(ഇ) പ്രവർത്തികൾ ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(എഫ്) ഗ്രാമവികസന വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം ഒന്നരക്കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയതായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly